## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.269 | 28.11.2018 ൽ മറുപടിക്ക്

### ആശുപത്രികളിലെ മോണിറ്ററിംഗ് സംവിധാനങ്ങൾ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | രോഗികൾക്ക് ആവശ്യമായ മരുന്നുകളും പരിശോധനകളുമാണോ ഡോക്ടർമാരും ആശുപത്രികളും നിർദ്ദേശിക്കുന്നത് എന്ന കാര്യം മോണിറ്റർ ചെയ്യുന്നതിന് നിലവിൽ സംവിധാനങ്ങൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ അംഗീകരിച്ച Essential Drug list-ൽ ഉൾപ്പെട്ട മരുന്നുകളാണ് ആശുപത്രിയിലേയ്ക്ക് വിതരണം ചെയ്യുന്നത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നിഷ്കർഷിച്ച പ്രകാരം പ്രിസ്ക്രിപ്ഷൻ കുറിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് ജില്ലാതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച 21.11.2017 ലെ സർക്കുലർ നം.എം.എസ്.എ.2-27671/2017/ആ.വ.ഡ. അനുബന്ധമായി ചേർക്കുന്നു. |
| (ബി) | രോഗികൾക്ക് നിർദ്ദേശിക്കുന്ന മരുന്നുകൾ പുതിയ രോഗങ്ങൾ സൃഷ്ടിക്കുന്നവയാണോ എന്ന കാര്യം പരിശോധിക്കാനായി മെഡിക്കൽ ഓഡിറ്റിംഗ് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (ബി) | ബാധകമല്ല. |
| (സി) | ഡോക്ടർമാർ നൽകുന്ന ചീട്ടുകളിലോ പ്രിസ്ക്രിപ്ഷൻ നോട്ടുകളിലോ ഡയഗ്നോസിസ് റിപ്പോർട്ട് ഉണ്ടാകണം എന്ന നിർദ്ദേശം പാലിക്കാത്ത പ്രവണത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ച പ്രകാരം പ്രിസ്ക്രിപ്ഷൻ കുറിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് ജില്ലാതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ